തലത്തിൽ 100 രൂപയായും വർദ്ധിപ്പിച്ചു. ട്രെയിനിംഗ് കം എംപ്ലോയ്മെന്റ്/ അഡീഷണൽ ' അപ്രന്റിസ്ഷിപ്പ് സ്കീം തുടങ്ങിയ പദ്ധതികൾ പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഐ.ടി.ഐ/ ഐ.റ്റി.സി. ട്രേഡ് പരീക്ഷ പാസ്സായ പട്ടികജാതിയിൽപ്പെട്ട പരിശീലകർക്ക് നൽകിവരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1,000 രൂപയിൽ നിന്നും 2,000 രൂപയായും ഡിപ്ലോമാക്കാർക്ക് നൽകി വന്നിരുന്നത് 1,600 രൂപയിൽ നിന്നും 2500 രൂപയായും എഞ്ചിനീയറിംഗ് ഡിഗ്രിക്കാർക്ക് നൽകി വന്നിരുന്നത് 1800 രൂപയിൽ നിന്നും 3,000 രൂപയായും അഡീഷണൽ അപ്രന്റീസ്ഷിപ്പുകാർക്ക് നൽകി വന്നിരുന്ന പ്രതിമാസ സ്റ്റൈപ്പന്റ് 1,400 രൂപയിൽ നിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചു. പട്ടികജാതിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുവേണ്ടി സബ്സിഡിയും ലോണും 1:2 എന്ന അനുപാതത്തിൽ താഴെക്കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നു. അപേക്ഷകർ ഏഴാംക്ലാസ്സ് വിദ്യാഭ്യാസം പൂർത്തിയാക്കിയവരും 18-നും 50-നും ഇടയിൽ പ്രായമുള്ളവരുമായിരിക്കണം. ഇപ്രകാരം അർഹരായ വ്യക്തികൾക്ക് 3 ലക്ഷം രൂപവരെ മുടക്കുള്ള വ്യവസായം ആരംഭിക്കാൻ ഒരു ലക്ഷം രൂപ സർക്കാർ സബ്സിഡിയായും 7 പേരുള്ള ഗ്രൂപ്പിന് 10.5 ലക്ഷം രൂപ വരെ മുതൽമുടക്കുള്ള വ്യവസായം ആരംഭിക്കാൻ 3.5 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള ഗ്രൂപ്പിനാണ് സഹായം നൽകുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സ്വയം തൊഴിൽ വായ്പ പദ്ധതി നടപ്പിലാക്കിവരുന്നില്ല. പട്ടിക സമുദായക്കാരുടെ ആനുകൂല്യങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

പട്ടകജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഭൂരഹിത/ഭവനരഹിതരുടെ എണ്ണം

120 (4176) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ഭൂരഹിതരായ എത്ര പേർ ഉണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഇവരുടെ ഇത്തരത്തിലുള്ള കണക്കുകൾ ലഭ്യമാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭൂരഹിതരായ 52571 പട്ടികജാതി കുടുംബങ്ങളും 14230 ആദിവാസി കുടുംബങ്ങളും ഭവനരഹിതരായ 20755 പട്ടികജാതി കുടുംബങ്ങളും 24892 ആദിവാസി കുടുംബങ്ങളും ഉണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ചുള്ള ഒരു സമഗ്ര സർവ്വേ നടത്തുന്നതിന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനെ (കില) യാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പട്ടികജാതി വികസന വകുപ്പ് നേരിട്ട് പത്ര മാധ്യമങ്ങളിലൂടെ പരസ്യം നൽകി ലഭ്യമായിട്ടുള്ള അപേക്ഷകളുടെ അടിസ്ഥാനത്തിലാണ് ഭൂരഹിത/ ഭവനരഹിതരായ പട്ടികജാതിക്കാരുടെ കണക്കുകൾ ശേഖരിച്ചത്.

പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമിയും വീടും

121 (4177) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി അനുവദിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്നറിയിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ പദ്ധതികൾ പ്രകാരം പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്;

(സി) ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനുമായി എത്ര പേർക്ക് എന്ത് തുക വീതം വിതരണം ചെയ്തിട്ടുണ്ട് ;

(ഡി) വീട് നിർമ്മിച്ചു കൈമാറുന്ന പദ്ധതി നിലവിലുണ്ടോ ; എങ്കിൽ ഈ പദ്ധതി പ്രകാരം എത്രപേർക്ക് വീട് നൽകിയിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് വീട് വയ്ക്കുന്നതിന് ഭൂമി അനുവദിക്കുന്നതിനായി ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതിപ്രകാരം ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം നൽകിവരുന്നുണ്ട്. ടി പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 3 സെന്റ് ഭൂമി വാങ്ങുന്നതിന് 75,000 രൂപയും മുനിസിപ്പാലിറ്റി /കോർപ്പറേഷൻ പ്രദേശത്ത് ഒന്നര സെന്റ് ഭൂമി വാങ്ങുന്നതിന് യഥാക്രമം 90,000 രൂപയും ഒരു ലക്ഷം രൂപയും ഇപ്പോൾ അനുവദിച്ചുവരുന്നു. കൂടാതെ പട്ടികജാതിയിൽ ദുർബ്ബല വിഭാഗത്തിൽപ്പെട്ട (വേടൻ, വേട്ടുവൻ, നായാടി, അരുന്ധതിയാർ/ചക്ലിയൻ) വിഭാഗക്കാർക്ക് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 1.25 ലക്ഷം രൂപ അനുവദിക്കുന്നുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗത്തിന് ഭൂമി അനുവദിക്കുകയും വീടുൾപ്പെടെ മറ്റ് അടിസ്ഥാന വികസന പദ്ധതികളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പാക്കിവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly